# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 274 **26.02.2018-ൽ മറുപടിയ്ക്ക്**

പഞ്ചകർമ്മ ഡിപ്പാർട്ട്മെന്റ്

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരം, തൃപ്പൂണിത്തുറ, കണ്ണൂർ ആയുർവേദ കോളേജുകളിലെ പഞ്ചകർമ്മ ഡിപ്പാർട്ട്മെന്റിൽ എത്ര തസ്തികകൾ ആവശ്യമെന്നാണ് സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ നിർദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | മൂന്ന് സർക്കാർ ആയുർവേദ കോളേജുകളിലെ പഞ്ചകർമ്മ ഡിപ്പാർട്ട്മെൻറുകളിൽ സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ നിർദ്ദേശ പ്രകാരം 60 സീറ്റുകൾ വരെയുള്ള ബി.എ.എം.എസ് കോഴ്സ് നടത്തുന്നതിന് പ്രൊഫസ്സർ/അസോ. പ്രൊഫസ്സർ തസ്തികകളിൽ ഏതെങ്കിലും ഒന്നിൽ ഒരു അദ്ധ്യാപകനും അസിസ്റ്റൻറ് പ്രൊഫസ്സർ തസ്തികയിൽ ഒരു അദ്ധ്യാപകനും ചുരുങ്ങിയത് ആവശ്യമാണ്. 61 മുതൽ 100 സീറ്റുകൾ വരെയുള്ള ബി.എ.എം.എസ് കോഴ്സ് നടത്തുന്നതിന് പ്രൊഫസ്സർ, അസോ. പ്രൊഫസ്സർ തസ്തികകളിൽ ഓരോ അദ്ധ്യാപകനും അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തികയിൽ ഒരു അദ്ധ്യാപകനും ചുരുങ്ങിയത് ആവശ്യമാണ്. കൂടാതെ ഒരു അറ്റൻഡർ തസ്തികയും പഞ്ചകർമ്മ ഡിപ്പാർട്ട്മെന്റിൽ ആവശ്യമാണ്. പി.ജി ആയുർവേദ (പഞ്ചകർമ്മ) കോഴ്സിന് സി.സി.ഐ.എം-ന്റെ എം.എസ്.ആർ പ്രകാരം പ്രൊഫസ്സർ, അസോ. പ്രൊഫസ്സർ, അസിസ്റ്റന്റ് പ്രൊഫസ്സർ എന്നീ തസ്തികകളിൽ ഒരോ അദ്ധ്യാപകൻ വീതം ആവശ്യമാണ്. |
| (ബി) | പഞ്ചകർമ്മ ഡിപ്പാർട്ട്മെന്റിൽ മൂന്ന് കോളേജുകളിലുമായി നിലവിൽ എത്ര തസ്തികകളാണുള്ളതെന്ന് വിശദമാക്കാമോ; | (ബി) | കണ്ണൂർ ഗവ. ആയുർവേദ കോളേജിലെ പഞ്ചകർമ്മ ഡിപ്പാർട്ട്മെന്റിൽ അദ്ധ്യാപകരുടെ രണ്ട് തസ്തികകൾ (അസോ. പ്രൊഫസ്സർ-1, അസി. പ്രൊഫസ്സർ-1) നിലവിലുണ്ട്. തിരുവനന്തപുരം ഗവ. ആയുർവേദ കോളേജിലെ പഞ്ചകർമ്മ ഡിപ്പാർട്ട്മെന്റിൽ (അസോ. പ്രൊഫസ്സർ-1, പ്രൊഫസ്സർ-1 അസി. പ്രൊഫസ്സർ-1) എന്നിങ്ങനെയാണ് അനുവദിച്ചിട്ടുള്ള അദ്ധ്യാപകരുടെ തസ്തികകൾ. തൃപ്പൂണിത്തുറ ഗവ. ആയുർവേദ കോളേജിലെ പഞ്ചകർമ്മ ഡിപ്പാർട്ട്മെന്റിൽ അദ്ധ്യാപകരുടെ രണ്ട് തസ്തികകൾ (അസോ. പ്രൊഫസ്സർ-1, അസി. പ്രൊഫസ്സർ-1) നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ തസ്തികകളിൽ എത്ര സ്ഥിരം നിയമനങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | പഞ്ചകർമ്മ വകുപ്പിൽ അനുവദിക്കപ്പെട്ട 7 സ്ഥിരം അദ്ധ്യാപക തസ്തികകളിൽ 4 സ്ഥിര അദ്ധ്യാപകരാണ് മൂന്ന് ആയുർവദ കോളേജുകളിലേയും പഞ്ചകർമ്മ ഡിപ്പാർട്ടുമെന്റിൽ ഉള്ളത്.<br>ഒഴിവുകൾ- അസോ. പ്രൊഫസ്സർ-2 (തിരുവനന്തപുരം, കണ്ണൂർ സർക്കാർ ആയുർവേദ കോളേജുകളിൽ) അസിസ്റ്റന്റ് പ്രൊഫസ്സർ -1 (തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിൽ)<br>യോഗ്യത നേടിയ (പി.ജി (പഞ്ചകർമ്മ, 5 വർഷത്തെ അദ്ധ്യാപന പരിചയം) അസി. പ്രൊഫസ്സർമാരില്ലാത്തതിനാൽ പ്രസ്തുത കേഡറിൽ നിന്നും സ്ഥാനക്കയറ്റം മൂലം നികത്തപ്പെടേണ്ട 2 അസോ. പ്രൊഫസ്സർ (പഞ്ചകർമ്മ) തസ്തികകളും, നിലവിലെ റാങ്ക് ലിസ്റ്റിൽ DA- Ortho വിഭാഗത്തിൽ ഉദ്യോഗാർത്ഥികളില്ലാത്തതിനാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, എൻ.സി.എ (No candidate Available) ആയി പ്രഖ്യാപിച്ചിട്ടുള്ള ഒരു അസി. പ്രൊഫസ്സർ തസ്തികയും ഒഴിഞ്ഞ് കിടക്കുകയാണ്. |
| (ഡി) | നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്ന് പഞ്ചകർമ്മ ലക്ചറർ തസ്തികയിലേക്ക് എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന വിശദാംശം അറിയിക്കുമോ; | (ഡി) | നിലവിലുള്ള പി.എസ്.സി പഞ്ചകർമ്മ അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തികയിലെ റാങ്ക് ലിസ്റ്റിൽ നിന്നും 2 പേർക്ക് നിയമനം നല്കിയിട്ടുണ്ട്. |
| (ഇ) | ആയുർവേദ പഞ്ചകർമ്മ ഡിപ്പാർട്ട്മെന്റിലെ അദ്ധ്യാപകരുടെ കുറവ് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിയ്ക്കുമോ; | (ഇ) | അസോ. പ്രൊഫസ്സർ തസ്തിക down grade ചെയ്ത് അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തികയാക്കി പി.എസ്.സി വഴി നിയമനംനടത്തുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (എഫ് ) | പഞ്ചകർമ്മ വിഭാഗത്തിൽ തസ്തികകൾ ആവശ്യപ്പെട്ട് വകുപ്പ് മേധാവികൾ സമർപ്പിച്ച നിവേദനത്തിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | (എഫ് ) | തൃപ്പൂണിത്തുറ കോളേജിലെ പഞ്ചകർമ്മ വകുപ്പിൽ പുതിയ തസ്തിക സൃഷ്ടിക്കണമെന്ന നിവേദനത്തിന്മേൽ വ്യക്തമായ പ്രപ്പോസൽ സമർപ്പിക്കാൻ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ